# ഇശൽ പൈതൃകം

ത്രൈമാസിക ലക്കം: 45

# Ishal Paithrkam

Online issue 30 print issue 45 March 2026

**Mahakavi Moyinkutty Vaidyar**
**Mappila Kala Akademi**
Department of Cultural Affairs
Government of Kerala-India
March 2026

E-ISSN:2582-550X

**ഇശൽ പൈതൃകം**
ത്രൈമാസിക
ലക്കം: 45
2026 മാർച്ച്

പകർപ്പാവകാശം: പ്രസാധകർക്ക്

**ചീഫ് എഡിറ്റർ**
ഡോ. ഹുസൈൻ രണ്ടത്താണി

**എഡിറ്റർ**
ഡോ. ഷംഷാദ് ഹുസൈൻ. കെ.ടി.

**അസോസിയേറ്റ് എഡിറ്റർ**
ഡോ. അനീസ് ആലങ്ങാടൻ

**എഡിറ്റോറിയൽ ബോർഡ്**
ബഷീർ ചുങ്കത്തറ
ഡോ. പി.പി അബ്ദുൽ റസാഖ്
എം.എൻ. കാരശ്ശേരി
സൈദലവി ചീരങ്ങോട്ട്

**പ്രസാധകർ**
മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിള കലാ അക്കാദമി
കൊണ്ടോട്ടി: 673 638
ഫോൺ: 0483 2711432

ഇശൽ പൈതൃകത്തിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങൾ മാപ്പിളകലാ അക്കാദമിയുടേതോ, സംസ്ഥാന സർക്കാറിന്റേതോ, സാംസ്കാരിക വകുപ്പിന്റേതോ ആയിരിക്കണമെന്നില്ല. - എഡിറ്റർ

**Ishal Paithrkam**
**E-ISSN: 2582-550X**

Peer-Reviewed
Two issue per year
Bilingual
Issue: 45
Online issue: 30
March: 2026
all rights reserved

**Editor**
Dr. Shamshad hussain. KT

**Publisher**
The Secretary, Mahakavi Moyinkutty Vaidyarmappila Kala Academy, Department of Cultural affairs, Government of Kerala, Kondotty Post

Pin: 673638
India
Ph: +91 483 2711432

**Printed at**
Kerala state C APT
Kozhikode

www.mappilakalaacademy.org
www.ishalpaithrkam.info

copyright rests with the publisher. the authors are responsible for the contents and views expressed.

E-ISSN:2582-550X

# Paddy cultivation in Wayanad:
# History, present and environmental issues

**Dr .Suja KS**

**Abstract**

There are divergent openions among the scholars regarding the evolution of the name Wayanad.Some of the scholars opined that the name Wayanad has its origine from bayalunadu or land of paddies. However it is reasonable to think th at the name Wayanad is derived from bayalunadu as many of her place names carry the names of paddy fields. Paddy cultivation was lively for long time in Wayanad. Cultivators of paddy had shown unique features in the cultivation ,conservation and preservation while comparing to other areas in Kerala.Wayanad possessed unique paddy which have high quality of resistance capacity. Wayanad decided it,s land relations,trade and commerce,and social set up based on paddy cultivation.Special customs and rituals were also had been here in relation to paddy cultivation.In this feudalistic economy instances of exploitation were also common. Expanded paddy fields in Wayanad also played a significant role in ecological aspect too. After the spread of cash crop cultivation paddy fields dwindled considerably in Wayanad. This article enquire the socio economic and environmental aspect of paddy cultivation in Wayanad.

**Keywords:** Wayanad, paddy cultivation, unique seeds, ecology, tribal labourers, Valli, Kambala natti, Kundal pani, strikes

## Reference:


Joy CV (2013), *Wayanattile karshaka kudiyettavum paristhiyum*, Sulthan Bathery: Modern books

Johni Ok (2010),*Wayanadu rekhakal*, Kozhikod: Mathrubhumi books

Rao Bahadur Gopalan Nair, TR. Kurup KKN(2006),*Wayanad janangalum paramparyavum*, Sulthan Bathery: Modern books.

Gopi Mundakkayam (2002), *Ariyappedatha Wayanad*, Kalpetta: Sahya publication.

Dr.Vasanthan SK(2006), *Nammal nadanna Vazhikal*, Kozhikod: Geethanjali.

Bala sabha, Kudumbasree mission (2021), *Charithramurangunna Wayanad, Volume 2,* Kalpetta: Cedar Graphics.

Balasabha, Kudumbasree mission Wayanad, (2021), *Charithramurangunna Wayanad,* Kalpetta: Mathrubhumi daily(2022),Calicut,November 23, Wednesday.

Pankajakshan MR, (1989), *Wayanattile Adivasikalude pattukal*, Thrissur: Sahithya accademy.

Sarva siksha abhiyan (2006), *Gothrangaliloode*, Wayanad.

Logan William (1887), *Malabar Manual, Volume I,* Madras.

Ed.MacLean CD, (1893), *The manual of the administration of the Madras presidency Volume III,* Madras: Government press

Gadgil Madhav, Guha Ramachandran, (1996). *This fissured land; AN ecological history of India*. Newdelhi: Oxford university press.



**Dr .Suja KS**
Associate professor
Department of History
NMSM Govt College
Kalpetta
Puzhamudi PO
Pin: 673122
India
Email: kssuja882@gmail.com
Ph: +91 8606177061
ORCiD: 0009-0003_0572-207X

E-ISSN:2582-550X

# വയനാട്ടിലെ നെൽകൃഷിയുടെ ചരിത്രവും വർത്തമാനവും പാരിസ്ഥിതിക പ്രശ്നങ്ങളും

ഡോ. സുജ കെ എസ്

**സംഗ്രഹം**

വയനാട് എന്ന സ്ഥലനാമം ഉണ്ടായതിനെക്കുറിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ചരിത്രകാരന്മാർക്കിടയിൽ നിലനിൽക്കുന്നു. ബയൽ നാട് എന്ന വിശേഷണത്തിൽ നിന്നാണ് വയനാട് ഉണ്ടായതെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. വയനാട്ടിലെ ഒരുപാട് സ്ഥലനാമങ്ങൾ വയൽ എന്നപേരിൽ അവസാനിക്കുന്നതിനാൽ ഈ അഭിപ്രായത്തോട് യോജിക്കാം. ഒരുപാട് കാലം വയനാട്ടിൽ നെൽകൃഷി സജീവമായിരുന്നു. വയനാട്ടിലെ നെൽകർഷകരുടെ കൃഷിരീതിയും സംസ്കാരണവും കേരളത്തിലെ മറ്റിടങ്ങളിൽ നിന്ന് വ്യത്യസ്തമായിരുന്നു. അത്യന്തം പ്രതിരോധശേഷിയുള്ള പരമ്പരാഗത നെൽവിത്തുകൾ ആയിരുന്നു ഇവിടെ ഉപയോഗിച്ചിരുന്നത്. നെൽകൃഷിയെ ആസ്പദമാക്കി നിരവധി ആചാരങ്ങളും അനുഷ്ഠാനങ്ങളും വായനാട്ടിൽ നിലനിൽക്കുന്നു. ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതിയിൽ നിന്നുള്ള വയനാട്ടിലെ സാമ്പത്തിക ക്രമത്തിൽ ചൂഷണങ്ങളും കുറവായിരുന്നില്ല. പരന്നുകിടക്കുന്ന വയനാട്ടിലെ നെൽപ്പാടങ്ങളുടെ പാരിസ്ഥിതിക മൂല്യം മികച്ചതായിരുന്നു. നാണ്യവിളകളുടെ വ്യാപനത്തോടെ വയനാട്ടിലെ നെൽകൃഷി ഗണ്യമായി കുറഞ്ഞു. നെൽകൃഷിയുടെ സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക മാനങ്ങൾ ആണ് ഈ ലേഖനത്തിൽ ഉൾക്കൊള്ളുന്നത്

**താക്കോൽ വാക്കുകൾ:** വയനാട്, നെൽകൃഷി, തനത്‌വിത്തുകൾ, പരിസ്ഥിതി, ആദിവാസി തൊഴിലാളികൾ, വല്ലി, കുണ്ടൽപണി, സമരങ്ങൾ, കമ്പളനാട്ടി.

**ആമുഖം**

പശ്ചിമഘട്ടത്തിന്റെ നെറുകയിൽ സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 2100 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ഭൂപ്രദേശമാണ് വയനാട്. നിബിഡമായ വനങ്ങളും, അഗാധ താഴ്‌വരകളും ഉയർന്ന കുന്നുകളും കൊണ്ട് സമൃദ്ധമായ ഒരിടമാണിത്. ഡക്കാൻ പീഠഭൂമിയുടെ ഭാഗമായി കർണ്ണാടകയോട് ചേർന്ന് സ്ഥിതി ചെയ്യുന്നതിനാൽ കാലാവസ്ഥയും കർണാടകയോട് സാമ്യമുള്ളതാണ്. വയനാട് എന്ന സ്ഥലനാമത്തിന്റെ നിഷ്പത്തിയെക്കുറിച്ച് വ്യത്യസ്ഥങ്ങളായ നിഗമനങ്ങളുണ്ട്.

'മയക്ഷേത്ര' എന്നായിരുന്നു വയനാടിന്റെ സംസ്കൃത നാമമെന്ന് *മദ്രാസ് മാന്വൽ ഓഫ് അഡ്മിനിസ്ട്രേഷനിൽ* പറയുന്നു. 'മയക്ഷേത്ര' മയനാടാകുകയും പിന്നീട് വയനാട് ആകുകയും ചെയ്തുവെന്ന് ചില പണ്ഡിതൻമതം, ബയലൂനാട് അഥവാ വയലുകളുടെ നാടാണ് വയനാട് ആയി മാറിയതെന്ന് കരുതുന്നവരും ഉണ്ട്. ഗണപതിവട്ടം (സുൽത്താൻ ബത്തേരി) മാരിയമ്മൻ കോവിലിൽ നിന്ന് കണ്ടെത്തിയ 12-ാം നൂറ്റാണ്ടിലേതെന്നു കരുതപ്പെടുന്ന ശിലാശാസനത്തിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. *'ഇരവി ഇരവി വർമ്മനാന, വീരവയൽനാട്, അരൈയർ, തിരുവടിയും ഇരായിരക്കേരള നാത, പൂതപ്പാടി പടനായരും നിഴലും പണിയും ശ്രീ പൽപ്പകൈ നുറുക്കയിൽ തപയും.* ഇതിൽപ്പറയുന്ന വീരവയൽനാട് വയനാടിനെക്കുറിച്ചാണെന്ന് പറയപ്പെടുന്നു. പരന്നു കിടക്കുന്ന വയലുകളുള്ള നാട് ആയതിനാലാവാം ഇത്തരത്തിലൊരു പരാമർശമുണ്ടായത്. കൂടാതെ കർണാടക പ്രദേശങ്ങളിൽ നിന്ന് ബി.എൽ റൈസിനെപ്പോലുള്ള ഗവേഷകർ വായിച്ചെടുത്ത നിരവധി ശിലാലിഖിതങ്ങളിൽ ബയൽനാട് അഥവാ വയൽനാട് എന്നാണ് വയനാടിനെക്കുറിച്ച് പരാമർശിക്കുന്നത്. ഇത്തരം നിരീക്ഷണങ്ങൾ വയനാട്, വയൽനാട് ലോപിച്ചുണ്ടായതാണോ എന്ന തോന്നലുണ്ടാക്കുന്നു. ധാരാളം കുന്നുകളും, മലകളും നിറഞ്ഞ വയനാട്ടിൽ വയലുകൾ സ്ഥിതി ചെയ്യുന്നത് രണ്ട് മലമടക്കുകൾക്കിടയിലുള്ള താഴ്‌വാരങ്ങളിലാണ്. ചരിത്ര പഠനത്തിൽ സ്ഥലനാമം ഉപാദാനമാക്കിയെടുക്കുമ്പോൾ വയനാട്ടിലെ ഒരുപാട് സ്ഥലനാമങ്ങൾ വയൽ എന്ന പേരുള്ളവയാണ് എന്ന് കാണാൻ കഴിയുന്നു. കോട്ടവയൽ, കല്ലുവയൽ, മണൽവ

യൽ, മണിവയൽ, കാക്കവയൽ, കണ്ടത്തുവയൽ, അണ്ണാംവയൽ എന്നിങ്ങനെ നിരവധി സ്ഥലനാമങ്ങൾ ചൂണ്ടിക്കാണിക്കുന്നത് വയനാടിന്റെ ചരിത്രത്തിലും സാമ്പത്തിക രംഗത്തും, സാംസ്കാരിക രംഗത്തും വയലുകൾ ഒരു നിർണായക സ്ഥാനം വഹിച്ചിട്ടുണ്ട് എന്നതാണ്.

വയനാടിന്റെ സാംസ്ക്കാരിക തനിമ രൂപപ്പെടുത്തുന്നതിൽ നെൽകൃഷി സാരമായ പങ്കുവഹിച്ചിട്ടുണ്ട്. ആദിവാസികളുടെ പരമ്പരാഗത ആചാരങ്ങളും, അനുഷ്ഠാനങ്ങളും വയലും കൊയ്ത്തുമായി ബന്ധപ്പെട്ടിരുന്നു. ബി സി 3-ാം നൂറ്റാണ്ട് മുതൽ എ ഡി 3-ാം നൂറ്റാണ്ട് വരെ രചിക്കപ്പെട്ടതെന്ന് കരുതുന്ന സംഘം കൃതികളിൽ നെല്ല്, അരി മുതലായവയുടെ നിരവധി പരാമർശങ്ങൾ ഉണ്ട്. സംഘകാലത്തെ ഭൂവിഭജനങ്ങളിൽ ആദ്യത്തെതായ കുറിഞ്ചി പ്രദേശത്തെ പ്രതിനിധീകരിക്കുന്ന വയനാട്ടിലെ പ്രധാന ആഹാരം ചോറു തന്നെയായിരുന്നു. വെൺനെയ് ചോറും ആട്ടിറച്ചിയും ചേർന്ന സദ്യയെപ്പറ്റി *അകനാനൂറ്* വിശദമായി വർണ്ണിക്കുന്നു. നെല്ല് കൊയ്ത്തും, മെതിയും പല സംഘകാല പാട്ടുകളുടെ വിഷയങ്ങളാണാണെന്ന്. (വസന്തൻ: 2006) വയനാട്ടിൽ ഇല്ലാതായിക്കൊണ്ടിരിക്കുന്ന നെൽകൃഷിയേയും വയലുകളേയും കുറിച്ചുള്ള ഒരു അവലോകനമാണ് ഈ ലേഖനം.

**സൈദ്ധാന്തിക സമീപനം**

മനുഷ്യന്റെ ഭൗതിക പുരോഗതി 4 ഘട്ടങ്ങളിലൂടെയാണ് ഉണ്ടായതെന്ന് മാധവ് ഗാഡ്ഗിലും രാമചന്ദ്രഗുഹയും ചേർന്ന് എഴുതിയ *ദിസ് ഫിഷേർഡ് ലാൻഡ് ആൻ ഇക്കോളജിക്കൽ ഹിസ്റ്ററി ഓഫ് ഇന്ത്യ* എന്ന പുസ്തകത്തിൽ വിവരിക്കുന്നു. ആഹാര സമ്പാദന കാലഘട്ടം (Gathering mode of resource use), കന്നുകാലി വളർത്തൽ കാലഘട്ടം (Pastoralist mode of resource use), സ്ഥിരം കൃഷി കാലം (Settled cultivation), വ്യവസായിക യന്ത്രവത്കൃത കാലഘട്ടം (Industrial age) എന്നിവയാണ് അവ. ഇതിൽ സ്ഥിരം കൃഷി കാലഘട്ടത്തിലാണ് നെൽക്കൃഷി ഉണ്ടായിട്ടുള്ളത്. മനുഷ്യന്റേയും മൃഗങ്ങളുടേയും കായിക അധ്വാനമാണ് നെൽക്കൃഷിയുടെ അടിസ്ഥാനം. ഇക്കാലത്ത് മനുഷ്യന് പ്രകൃതിയെ തന്റെ ഇഷ്ടത്തിനനുസരിച്ച് വിനിയോഗിക്കാൻ കഴിഞ്ഞു. ആഹാര സമ്പാദന കാലത്തുണ്ടായിരുന്ന പ്രകൃതിയോടുള്ള ആരാധന സ്ഥിരം കൃഷി കാലഘട്ടത്തിൽ ഇല്ലാതായി. കൂടാതെ, വിഭവങ്ങളുടെ ഒഴുക്ക് വളരെ വിപുലമാവുന്നു. പരസ്പരാശ്രിതത്വമുള്ള ഒരു കർഷക സമൂഹമാണ് സ്ഥി

രം കൃഷികാലഘട്ടത്തിൽ ഉണ്ടാകുന്നതെന്ന് ഈ സിദ്ധാന്തത്തിലൂടെ മനസ്സിലാക്കാൻ കഴിയുന്നു. വയനാട്ടിലെ നെൽകൃഷി ഈ സിദ്ധാന്തത്തോട് പൂർണ്ണമായും നീതി പുലർത്തുന്നു.

**വയനാട്ടിലെ നെൽകൃഷിയുടെ പ്രത്യേകതകൾ**

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനം വരെ നെൽകൃഷി വയനാട്ടിൽ സജീവമായിരുന്നു. തോട്ടവിളകളേക്കാൾ പ്രാധാന്യം നെൽകൃഷിക്കായിരുന്നു ഉണ്ടായിരുന്നത്. അക്കാലത്ത് കരസ്ഥലത്തേക്കാളും വില വയലുകൾക്കായിരുന്നു. 1940 കളിൽ വയനാട്ടിലേക്കു വന്ന കുടിയേറ്റക്കാരും വയൽകൃഷികൾക്കായിരുന്നു പ്രാധാന്യം നൽകിയിരുന്നത്. വയലുകൾ സ്വന്തമായി ഉണ്ടെങ്കിൽ നല്ല കഞ്ഞി കുടിക്കാം എന്നായിരുന്നു അവരുടെ പ്രത്യാശ.

'പുറൈ കീഴ്നാട്' എന്നറിയപ്പെടുന്ന വയനാട്ടിൽ ജനാധിവാസം മുതൽത്തന്നെ ചാമ, മുത്താറി എന്നിവക്കൊപ്പം നെല്ലും കൃഷി ചെയ്തിരുന്നു. (ഗോപി മുണ്ടക്കയം: 2002) ഇത്തരത്തിലുള്ള കൃഷി കേവലം ഭക്ഷ്യാവശ്യങ്ങൾ (Subsistence cultivation) നിറവേറ്റുന്നതിന് വേണ്ടിയായിരുന്നു, ലാഭം പരിഗണിച്ചായിരുന്നില്ല. ജൈനരുടേയും ചെട്ടിമാരുടേയും കുടിയേറ്റം വയനാട്ടിൽ നെൽകൃഷി വ്യാപകമാക്കി. പതിനാലാം നൂറ്റാണ്ടിൽ കോട്ടയം രാജാക്കൻമാരുടെ കാലത്ത് വയനാട്ടിലെ ഭൂമി വിവിധ നായർ പ്രമാണിമാർക്ക് വീതിച്ചു നൽകിയതോടെ നായർ ജന്മിമാർക്ക് ലഭിച്ച ഹെക്ടർ കണക്കിന് ഭൂമിയിൽ നെൽകൃഷി ഊർജിതമായി. വയനാട്ടിലെ ചെട്ടി സമുദായക്കാരും നെൽകൃഷി വ്യാപിക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചിരുന്നു. (സി.വി ജോയ്: 2013) മറ്റൊരു കൂട്ടം ജൻമികളായിരുന്ന ജൈനവിഭാഗം ആദ്യകാലത്ത് നെൽകൃഷിയുടെ വ്യാപനത്തിന് മുഖ്യ പരിഗണന നൽകിയിരുന്നെങ്കിലും പിന്നീട് തോട്ട വിളകളായ, കാപ്പി, കുരുമുളക് എന്നിവയിലേക്ക് ശ്രദ്ധ തിരിച്ചു.

പാര്യമ്പര്യമായ ധാരാളം നെൽവിത്തുകൾ വയനാടിന് സ്വന്തമായുണ്ടായിരുന്നു. വെളിയൻ, ചേറ്റു വെളിയൻ, തൊണ്ടി, ചെന്തൊണ്ടി, മണ്ണു വെളിയൻ, ഞവറ, ചെമ്പരത്തി, കൊച്ചു വിത്ത്, പുന്നാടൻ തൊണ്ടി, ആയിരം കണ, ചെന്നെല്ല്, ഭൂതക്കാളി, ഓണമുട്ടൻ, ചോമാല, തൊണ്ണൂറാംകണ്ടി, ആടി, വലിച്ചൂരി, പാൽ വെളിയൻ, ചെന്താടി, അടുക്കൻ, കണ്ണി, ചെന്നെല്ല്, ഓക്ക, കോതാണ്ടൻ, ഓക്കപ്പുഞ്ച, കയമ, ഉരുന്നിക്കയമ, ചെമ്പകം, മുള്ളൻകയമ, വലിയ തൊണ്ടി, ഗന്ധകശാല, ജീരകശാല, കുട്ടിവെളിയൻ, കൊട്ടത്തൊണ്ടി, കൊടകവെളിയൻ, അടുക്കൻ മുണ്ടോൻ, കല്ലടിയാരൻ, രക്ത

ശാലി, കുങ്കുമശാലി, മരത്തൊണ്ടി, മുള്ളൻചെന്താടി, ഓണച്ചെണ്ണൻ തുടങ്ങിയവയെല്ലാം ഒരു കാലത്ത് വയനാട്ടിൽ സുലഭമായിരുന്ന പരമ്പരാഗത നെൽവിത്തുകളായിരുന്നു. ഇപ്പോൾ ഇവയിൽ പത്തിൽ താഴെ നെൽവിത്തുകളെ വയനാട്ടിൽ അവശേഷിക്കുന്നുള്ളു. *'നെ ല്ലച്ഛൻ', 'വിത്തച്ഛൻ'* എന്നീ പേരുകളിൽ അറിയപ്പെടുന്ന പത്മശ്രീ ചെറുവയൽ രാമൻ, നെൽ കർഷകനായ പ്രസീത് എന്നിവർ തങ്ങ ളുടെ വയലുകളിൽ പാരമ്പര്യ നെൽവിത്തുകൾ നട്ടു വളർത്തി അത്തരം നെല്ല് വിത്തുകളെ സംരക്ഷിച്ചു വരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങൾ വരെ വയ നാട്ടിലെ ഭൂബന്ധങ്ങൾ നിലനിന്നിരുന്നത് നെൽകൃഷിയെ ആശ്ര യിച്ചായിരുന്നു. വള്ളിയൂർക്കാവിലെ ഉത്സവം കൂടാൻ ജൻമിയോട് മുൻകൂറായി പണം വാങ്ങുന്ന പണിയ, അടിയ, ആദിവാസി വിഭാഗ ക്കാർ ഒരു വർഷത്തേക്ക് തന്റേയും കുടുംബത്തിന്റേയും അധ്വാനം ജൻമിക്ക് മുൻകൂർ പണത്തിന് പകരമായി നൽകിയിരുന്നു. നിൽപ്പു പണി, ആണ്ടുകെട്ടി പണി അഥവാ കുണ്ടൽപണി എന്ന ഈ വ്യവ സ്ഥിതി നെൽകൃഷിയെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. ഈ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ദിവസം ആണിന് രണ്ട് സേറും, പെണ്ണിന് ഒരു സേറും നെല്ല് നിത്യ ചെലവിന് കൂലിയായി ലഭിച്ചു. വർഷാവസാനം കുണ്ടൽ (കൂലി) ഇനത്തിൽ ആണിന് അഞ്ച് പൊ തിയും പെണ്ണിന് ഒരു പൊതിയും നെല്ല് പണിക്കൂലിയായി ലഭി ക്കുക. രോഗമായാലും വിശ്രമമേതുമില്ലാതെ അവർ ജൻമിയുടെ വ യലിൽ ജോലി ചെയ്യേണ്ടിയിരുന്നു. ഓണത്തിന് മുൻപ് വയൽപ്പ ണി കഴിയുന്നതായിരുന്നു ഈ കരാറിന്റെ അവസാനമായി കണ ക്കാക്കിയിരുന്നത്.

ഓണത്തിന് മുൻപ് വയൽപ്പണി തീർക്കാൻ കഴിഞ്ഞില്ലെ ങ്കിൽ പണി ഒരൊറ്റ ദിവസം കൊണ്ട് തീർക്കാൻ കമ്പളനാട്ടി എന്ന രീതി അവലംബിച്ചിരുന്നു. ഒരു കൂട്ടം ആദിവാസി തൊഴിലാളികൾ ക്ക് ധാരാളം മദ്യവും, ആഹാരവും നൽകി, തപ്പു, തുടി മേളങ്ങളോ ടെ വയൽപ്പണി പൂർത്തീകരിക്കുക എന്നതാണ് കമ്പളനാട്ടി എന്നു പറയുന്നത്. മദ്യത്തിന്റെ ഉപയോഗവും തപ്പു,തുടി മേളങ്ങളും പണി യാളരെ അധ്വാനത്തിന്റെ വിരസത അറിയാതെ ജോലി പൂർത്തീക രിക്കാൻ സഹായിച്ചിരുന്നു. കമ്പളനാട്ടിയുടെ ദിവസം തീരുമാനി ച്ചിരുന്നത് ജൻമിമാരായിരുന്നു. കോളനി മൂപ്പൻ ആണ് കമ്പളനാട്ടി ക്ക് അറിയിപ്പ് കൊടുക്കേണ്ടത്. ദിവസം നിശ്ചയിച്ചാൽ തൊഴിലാളി കൾ അന്നേ ദിവസം പാടത്തെത്തുന്നു. ആദിവാസിത്തൊഴിലാളിക ളുടെ അധ്വാനം ചോർത്തിയെടുക്കാനുള്ള വഴിയായിരുന്നു കമ്പള

നാട്ടി. കമ്പളനാട്ടി ദിവസം ഇരുപതോ മുപ്പതോ ജോഡി ഉഴവ്മാടുകളാണ് കണ്ടമുഴുവുക. പങ്കു വെക്കലിന്റെ ഒരു സന്ദേശവും കമ്പളനാട്ടിക്ക് ഉണ്ടായിരുന്നു. സഹ കർഷകരുടേയും അയൽപക്കക്കാരുടേയും ഉഴവുമാടുകളുടെയും പണിയാളരുടേയും സഹകരണാടിസ്ഥാനത്തിൽ ലഭ്യമാക്കിയാണ് കമ്പളം നടത്തുക. കമ്പളനാട്ടിക്ക് കൊഴുപ്പേകാൻ പാടുന്ന പാട്ടുകൾ ആണ് ചുവടെ കൊടുത്തിരിക്കുന്നത്.

കുത്തലു ചോറുക്കു താളുന തടൈ
കമ്പളച്ചോറുക്ക് കമ്പളക്കറി
ഏനത്തകാലിന നോക്കീഞ്ചേ
കൈമന തന്തേ
നോക്കിയോ ആയ്ച്ചോ
കുട്ടിയോ ഇടിമ്പേ
കമ്പളനാട്ടിക്കു കൊഴുപ്പേകുന്ന മറ്റൊരു പാട്ടാണ് ഇത്,
മുള്ളൻ മീനു ചുട്ടു
വെന്ത കഞ്ഞി കുടിച്ചാട്ടു
നാനും കുയിലനും കുച്ചാട്ടു
അയേട്ട ഹാഹാഹു
മത്തൻ കൊണ്ടൊരു മതിരം
പൂതം കൊണ്ടൊരു പുള്ള്
തെക്കൻ വള്ളി വന്തേനും
വടക്കൻ വള്ളി വന്തേനും

**നെൽകൃഷിയുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങൾ**

നെൽകൃഷിയുമായി ബന്ധപ്പെട്ട് നിരവധിയായ ആചാരങ്ങളും അനുഷ്ഠാനങ്ങളും വയനാട്ടിൽ നിലനിന്നിരുന്നു. ഭൂരഹിതരായിരുന്നു ആദിവാസി തൊഴിലാളികളെങ്കിലും ജന്മിയുടെ പാടത്തു നല്ല വിളവുണ്ടാകുന്നതിനായി ഈ അനുഷ്ഠാനങ്ങളിൽ അവർ ഉത്സാഹത്തോടെ പങ്കു കൊണ്ടിരുന്നു. 'നാട്ടി പൂടിപ്പോ, കൊയ്യലു പൂടിപ്പോ' എന്ന ചടങ്ങ് അടിയാൻമാർക്കിടയിൽ നിലനിന്നിരുന്നതായിരുന്നു. വയലിൽ നാട്ടിപ്പണി ആരംഭിക്കുന്നതിന് മുൻപ് നടത്തുന്ന പ്രാർത്ഥനയും, പൂജയുമാണ് നാട്ടിപൂടിപ്പോ. കൊയ്ത്ത് ആരംഭിക്കുന്നതിന് മുൻപ് പാടത്ത് തൊഴിലാളികൾ നടത്തുന്ന ചടങ്ങാണ് കൊയ്യില് പൂടിപ്പോ. പൂജയ്ക്കുള്ള വസ്തുക്കളെല്ലാം പാടത്ത് ഒരുക്കി വെച്ച് തിരികത്തിച്ചശേഷം ആദ്യം കറ്റ കൊയ്തെടുക്കുന്ന ചടങ്ങാണിത്.

**വിത്തിടൽ**

വിഷുദിനത്തിന്റെ പിറ്റേ ദിവസം ജന്മിമാർ കർഷകത്തൊഴിലാളി കാരണവരെക്കൊണ്ട് വയലിൽ ആദ്യ വിത്ത് വിതക്കുന്ന ചടങ്ങാണ് വിത്തിടൽ. അവർ പഴം, ചന്ദനത്തിരി, ശർക്കര എന്നിവ വെച്ച് പൂജ ചെയ്ത ശേഷമാണ് വിത്തിടൽ ചടങ്ങ് നടത്തുക.

മകം കുളിപ്പിക്കൽ അല്ലെങ്കിൽ കതിര് കുളിപ്പിക്കൽ ചടങ്ങ് നടത്തുന്നത് നെല്ലിന് കതിര് വന്നശേഷം ചിങ്ങമാസത്തിലെ മകം നാളിലാണ്. ജന്മി തറവാട്ടിലെ ഇളയകുട്ടിയാണ് ഈ ചടങ്ങ് നടത്തുക. അവിൽ, മലർ, ചന്ദനത്തിരി, പഴം മുതലായ പൂജാ വസ്തുക്കൾ ഉപയോഗിച്ച് പൂജ ചെയ്തശേഷം ഒരു പിടി നെൽക്കതിരിൽ തീർത്ഥ ജലം തളിക്കുന്നു. ഇതിലൂടെ എല്ലാ കതിരും കുളിപ്പിക്കപ്പെട്ടു എന്നാണ് സങ്കൽപം. തുലാം പത്തിന് കതിർകയറ്റൽ അഥവാ ഇല്ലം നിറ എന്ന ചടങ്ങ് നടത്തപ്പെടുന്നു. പുത്തൻ നെൽക്കതിരുകൾ വയലുകളിൽ നിന്ന് ശേഖരിച്ച് നാക്കിലയിൽ വെച്ച് തലയിൽ ചുമന്ന് ചാണകം മെഴുകിയ കളത്തിൽ കൊണ്ടുപോയി വെക്കുന്നു. തുടർന്ന് കതിരുകളെ പൂജിച്ച ശേഷം മാവിലയും കതിരുകളും ചേർത്തു കെട്ടി വീടിന്റെ ഉമ്മറത്തും കളത്തിലും അറയിലും കതിരുകൾ തൂക്കിയിടുന്നതും പുതിയ നെല്ല് കുത്തി ഭക്ഷണം ഉണ്ടാക്കുന്നതും ഈ ചടങ്ങിന്റെ പ്രത്യേകതയാണ്.

കൊയ്ത്തു തുടങ്ങുന്നതിന് മുൻപ് ആദിവാസി മൂപ്പൻ ആദ്യ കറ്റ കൊയ്ത് മെതിച്ച് നെല്ലെടുക്കുന്നു. വെള്ളരിക്ക, അടക്ക, വെറ്റില എന്നിവയോടൊപ്പം നെല്ലു ദൈവത്തിന് സമർപ്പിക്കുന്നു. ഈ ചടങ്ങിനെ 'തൊട്ടു കൊയ്യൽ' എന്ന് വിളിക്കുന്നു. വയനാട്ടിലെ മുള്ളക്കുറുമർ, കുറിച്ച്യർ എന്നീ ഗോത്രവിഭാഗങ്ങളും, ഇടനാടൻ, മാണ്ടാടൻ, വയനാടൻചെട്ടി വിഭാഗക്കാരുമായിരുന്നു ഭൂരിപക്ഷം പ്രദേശങ്ങളിലും നെൽവിത്തിനങ്ങളുടെ സംരക്ഷകർ. ഇവർ നെല്ലിനെ ഐശ്വര്യത്തിന്റേയും, സമൃദ്ധിയുടേയും പ്രതീകമായി കരുതുന്നു. കുറിച്യർ നെല്ലിനെ ദേവതയായാണ് കരുതിയിരുന്നത്.

ചീവമ്മേ അരിയേ
ചെന്നല്ലൂ അരിയേബേകം
ബെളുക്കണം കഞ്ഞി
നേരത്തെ ബെക്കാം
അതോണ്ട് അരിയെ ബെക്കോണ്ടല്ലെ
അരിയെ ചോമാല അരിയല്ലേ
കഞ്ഞി കാലത്തെ വെക്കണം
എല്ലാരിക്കും കൊടുക്കണം

ചീവമ്മേ ചീവമ്മേ അരിയെ
കാമരിയെബേകം
നെരത്തെ ബെച്ചു ബെളമ്പണം

ഈ പാട്ടിൽ ചീവമ്മേ എന്ന് ചോമാല അരിയെ സംബോധന ചെയ്യുന്നതിലൂടെ അരിയുടെ ദേവതാ തുല്യമായ പ്രാധാന്യം വെളിവാകുന്നു.

**നെൽ കൃഷി രീതിയും സംസ്കരണവും**

വയനാട്ടിലെ നെൽവിത്തുകൾ മിക്കവാറും നല്ല പ്രതിരോധശേഷിയുള്ളവയും മൂന്നു മുതൽ ആറുമാസം കൊണ്ട് വിളവെടുക്കാവുന്നതുമായിരുന്നു. കൊരവക്കണ്ടങ്ങളിലെ കൃഷിക്കും, കരനെല്ലു കൃഷിക്കും അനുയോജ്യമായ നിരവധി വിത്തുകൾ അന്ന് നിലവിലുണ്ടായിരുന്നു. കരയിൽ കൃഷി ചെയ്തിരുന്ന വിത്തിനങ്ങളായിരുന്നു കറുത്തൻ, പെരുവാഴ, പൂതക്കാളി, കുറുവ, ഞവര എന്നിവ, വയലിനോട് ചേർന്നുള്ള കരഭൂമിയിൽ മുത്താറി, ചാമ, തിന, കടുക്, മുതിര എന്നിവ കൃഷി ചെയ്യുമായിരുന്നു. കാച്ചിലിനോട് സാമ്യമുള്ള കണ്ടികിഴങ്ങ് ക്ഷാമകാലത്തെ പ്രധാന ഭക്ഷ്യവസ്തുവായിരുന്നു. എല്ലാ പാടങ്ങളുടേയും തലപ്പത്ത് തലക്കുളങ്ങളോ, തലച്ചിറകളോ ഉണ്ടായിരുന്നു. മിക്ക പാടങ്ങളിലും കുരവ, ആത്തി എന്നിങ്ങനെ വിളിക്കുന്ന ചതുപ്പു സ്ഥലങ്ങളും ഉണ്ടായിരുന്നു. ആത്തിക്കണ്ടങ്ങളിൽ ഉഴുവാൻ, കാളകളോ പോത്തുകളോ ഇറങ്ങാറില്ലായിരുന്നു. അതിൽ താണു പോകുമെന്ന് സഹജവാസന കൊണ്ട് അവക്കറിയാമായിരുന്നു. ഇത്തരം കണ്ടങ്ങളിൽ വാഴത്തടയോ പലകയോ ഇട്ടശേഷമാണ് ചെളി കലക്കി ഞാറ് നട്ടിരുന്നത്.

നെല്ല് സംസ്കരണരീതിയിലും വയനാടിന്റെ രീതികൾ മറ്റിടങ്ങളിൽ നിന്ന് വ്യത്യസ്തമായിരുന്നു. കൊയ്തെടുത്ത കറ്റയിൽ നെന്മണി വേർതിരിച്ചെടുക്കുന്നതിന് ഒക്കൽ എന്ന വേറിട്ട രീതി ആവിഷ്കരിച്ചിരുന്നു. നെല്ല് കൊയ്ത് കറ്റ കെട്ടി ചവിട്ടി മെതിച്ച് നെല്ലെടുക്കുന്ന രീതിയാണ് സാധാരണയായി മറ്റിടങ്ങളിൽ കാണുന്നത്. എന്നാൽ വയനാട്ടിലെ നെൽകർഷകർ കൊയ്തു കഴിഞ്ഞാൽ പാടത്തിട്ട് ഉണക്കിയ ശേഷം വാരി മുറ്റത്തെ കളത്തിലെത്തിച്ചിട്ട് മെതിക്കാതെ തന്നെ മൊത വെക്കുന്നു. അടിയിൽ കല്ല് വെച്ച് അതിന് മുകളിൽ മരക്കഷ്ണങ്ങളും, മുളക്കഷ്ണങ്ങളും നിരത്തി വെച്ചാണ് മൊത വെക്കുന്നത്. നെല്ല്, എള്ള് എന്നിവയായിരുന്നു പ്രധാനമായും മൊത വെച്ചിരുന്നത്, സാധാരണ ഗതിയിൽ ഒക്ടോബർ-നവംബർ മാസങ്ങളിൽ കൊയ്തെടുത്ത നെല്ല് മൊതയിട്ടു വെക്കും.

വിദഗ്ദരായ കർഷകരുടെ മേൽനോട്ടത്തിൽ ഒരുക്കുന്ന മൊത ഒരു സാഹചര്യത്തിലും വെള്ളം കയറി നനയാറില്ല. ഇങ്ങനെ മൊതയിട്ട് സൂക്ഷിച്ച നെല്ലും, എള്ളും ഡിസംബർ, ജനുവരി മാസങ്ങളിൽ ഒക്കൽ നടത്തി വേർപെടുത്തിയെടുക്കും. ചാണകം മെഴുകിയ വിശാലമായ കളത്തിന് നടുക്ക് ഒരു മരക്കുറ്റി കുഴിച്ച് ഉറപ്പിച്ചു നിറുത്തുന്നു. മേട്ടിക്കുറ്റി എന്നറിയപ്പെടുന്ന ഈ കുറ്റിയിൽ നിന്ന് കളത്തിന് ഏകദേശം അതിരിൽ എത്താവുന്ന വിധം ഉറപ്പേറിയ കയർ കെട്ടുന്നു. ഈ കയറിൽ ഉഴവുമാടുകളെ നിരനിരയായി ബന്ധിക്കും. മാടുകളുടെ ലഭ്യത അനുസരിച്ചും, നെല്ലിന്റെ വ്യാപ്തി പരിഗണിച്ചും ആറു മുതൽ പത്തു മാടുകളെ ഇതിനായി ഉപയോഗിക്കും. തുടർന്ന് നിരത്തിയിട്ട നെല്ലിന് മുകളിലൂടെ മാടുകളെ തെളിക്കുന്നു. ഇപ്രകാരം ഒന്ന് രണ്ട് മണിക്കൂർ കൊണ്ട് ഒരേക്കർ പ്രദേശത്ത് നെല്ല് മെതിച്ചെടുക്കാൻ കഴിയും.

ഉതിർന്ന് വീണ നെൽമണികൾ വാരിക്കൂട്ടി അവയിൽ നിന്ന് പതിരും പൊടിയും നീക്കുന്നതും ഒരു സവിശേഷ രീതിയിലായിരുന്നു. ചെറിയ മുറം ഉപയോഗിച്ച് നെല്ല് ഒരു പ്രത്യേക രീതിയിൽ മുമ്പിലേക്ക് എറിയും. എറിയുന്ന നെല്ലിലെ നല്ല മണികൾ അടുത്തടുത്തായി പതിക്കും. പതിരും, പൊടിയും ദൂരെയായി നിലത്ത് പതിക്കും.

കേരളത്തിന്റെ മറ്റു പ്രദേശങ്ങളിൽ ഉള്ളതുപോലെ കൃത്യമായ കന്നിക്കൊയ്ത്തും, മകരക്കൊയ്ത്തും വയനാട്ടിൽ നടന്നിരുന്നില്ല. മഴയെ ആശ്രയിച്ചായിരുന്നു പ്രധാനമായും വയനാട്ടിലെ നെൽകൃഷി. തോടുകളുടെ വൻശൃംഖലകൾ നെൽവയലുകൾക്ക് ഊർജ്ജം നൽകിയിരുന്നു. മഴയെ ആശ്രയിച്ചുള്ള കൃഷിയാണ് വയനാട്ടിൽ ഉണ്ടായിരുന്നത്. ജൂൺ-ജൂലായ് മാസങ്ങളിൽ വിത്തിറക്കി ഡിസംബർ-ജനുവരി മാസങ്ങളിൽ കൊയ്യും. ഇതിനെ നഞ്ചകൃഷി എന്ന് വിളിച്ചിരുന്നു. ജലലഭ്യതയുള്ള വയലുകളിൽ പുഞ്ചകൃഷി നടത്തിയിരുന്നു. ജനുവരിയിൽ വിത്തിറക്കി മെയ്, ജൂൺ മാസങ്ങളിൽ കൊയ്യും.

വിഷുവിന് മുമ്പു തന്നെ തുടങ്ങുന്ന വേറൊരു തരത്തിലുള്ള നെൽകൃഷിയായിരുന്നു വാളിച്ച. വെളിയൻ വിത്തും, ചെന്താടിയുമാണ് വാളിച്ചക്ക് ഉപയോഗിച്ചിരുന്നത്. ഞാറ് പറിച്ച് നടുന്ന കൃഷിരീതിയല്ല വാളിച്ചയുടേത്. ധനുമാസത്തിലെ കൊയ്ത്ത് കഴിഞ്ഞാലുടൻ വിത്ത് വിതക്കുന്ന നെൽച്ചെടികൾ വിഷുവിന് മുമ്പോ പിമ്പോ പെയ്യുന്ന മഴയിൽ ശക്തി പ്രാപിക്കുന്നു. ഇവയിലെ കളനീ

ക്കം ചെയ്യാൻ ചീർപ്പ് ആകൃതിയിലുള്ള പക്ക എന്ന ഉപകരണം നുകത്തിൽ ഘടിപ്പിച്ച് ആ കന്നുകാലികളെ ഞാറുകൾക്കിടയിൽ നടത്തിയാണ് കള പറിച്ചിരുന്നത്. കന്നുകാലികൾ നെൽച്ചെടികളുടെ മുകൾഭാഗം കടിച്ചു തിന്നു കൊണ്ട് നടക്കും. ഒൻപതുമാസം പ്രായമാകുമ്പോൾ വാളിച്ച വിളഞ്ഞ് പാകമാകുകയും കൊയ്തെടുക്കുകയും ചെയ്യുന്നു.

1960 ൽ വയനാട്ടിൽ 40,000 ഹെക്ടറായിരുന്നു കൃഷി ചെയ്തിരുന്ന നെൽവയലുകൾ. 1980 ൽ ജില്ല രൂപീകരിക്കുന്ന സമയത്ത് ഏകദേശം 30000 ഹെക്ടറോളം ഭൂമിയിൽ നെൽകൃഷിയുണ്ടായിരുന്നു. എന്നാൽ 1990-91 കാലത്ത് നെൽകൃഷി ചെയ്തിരുന്ന പ്രദേശത്തിന്റെ വിസ്തൃതി 19471 ഹെക്ടറായി ചുരുങ്ങി. 2015-16 ൽ അത് 9203 ഹെക്ടറായി കുറഞ്ഞു. സർക്കാരിന്റെ നിരന്തര പ്രോത്സാഹനം കൊണ്ട് 2017ൽ നെൽകൃഷി 9737 ഹെക്ടറിലേക്ക് ഉയർന്നു.

കാലാവസ്ഥയ്ക്കും പ്രകൃതിക്കും ഇണങ്ങുന്ന വിധമുള്ള നാടൻ വിത്തിനങ്ങൾ ആയിരുന്നു കൃഷിക്കായി ഉപയോഗിച്ചിരുന്നത്. വെളിയൻ, ചോമാല, പുന്നാടൻ തൊണ്ടി, പാൽതൊണ്ടി, അടുക്കൻ, തവളക്കണ്ണൻ എന്നിവ നല്ല പ്രതിരോധ ശേഷിയുള്ള സാധാരണ ഇനങ്ങളായിരുന്നു. ഗന്ധകശാല, ജീരകശാല, എന്നിവ സുഗന്ധ ഇനങ്ങളായിരുന്നു. നെൽവിത്ത് സംഭരണത്തിൽ വയനാട്ടിലെ കർഷകർ കടുത്ത നിഷ്കർഷ പുലർത്തിയിരുന്നു. നല്ലവണ്ണം ഉണങ്ങിയ വാഴപ്പോളയിൽ വൈക്കോൽ നിരത്തി അതിനുള്ളിൽ ഭംഗിയായി കെട്ടി വീട്ടിനുള്ളിൽ തൂക്കിയിട്ട് സൂക്ഷിച്ച് വെക്കുകയാണ് അവരുടെ രീതി. സുഗന്ധ നെല്ലിനങ്ങൾ കതിരിട്ട പാടങ്ങളിലൂടെയുള്ള യാത്ര സുഗന്ധദായകങ്ങളായിരുന്നു.

മോഡൻ വിതക്കുക എന്ന കരനെല്ല് കൃഷി രീതിയും വയനാട്ടിൽ നിലനിന്നിരുന്നു.വിവിധയിനം കറുത്തൻ വിത്തുകൾ വയനാട്ടിൽ ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ അവയൊക്കെ അപ്രത്യക്ഷമായിപ്പോയി. കോടിവാലൻ, പെരുവാഴ, മുതലായ കരനെല്ലിനങ്ങളും തീർത്തും ഇല്ലാതായിരിക്കുന്നു. പുഞ്ചകൃഷിക്കനുയോജ്യമായ തൊണ്ണൂറാംകണ്ടി, പാൽവെളിയൻ എന്നീ വിത്തുകളും, നഞ്ചകൃഷിയിലുപയോഗിച്ചിരുന്ന ചെന്താടി, മുണ്ടകൻ, ചേറ്റുവെളിയൻ, ചോമാല മുതലായ നെൽവിത്തുകൾ വിരളമായി മാത്രമേ വയനാട്ടിലുള്ളൂ. പൂതക്കാളി എന്ന നെൽവിത്ത് കരയിലും വയലിലും ഒരുപോലെ വിതക്കാനുള്ളതായിരുന്നെങ്കിലും അതും പൂർണമായും തിരോധാനം ചെയ്തിരിക്കുന്നു. ചെമ്പരത്തി, വെളുമ്പാല, വില്ലി

എന്നീ വിത്തുകളും പൂർണ്ണമായും നിഷ്ക്രമിച്ചവയുടെ ഗണത്തിൽ പ്പെടുന്നു.പാടത്തെ നെല്ല് മൂപ്പെത്താനുള്ള ഇടവേളകളിൽ പട്ടിണി യിൽ നിന്ന് രക്ഷിച്ചത് കറുത്തന്റെ വിളയായിരുന്നു. കറുത്തൻ കൃ ഷിയിൽ ആദ്യം വിത്തെറിഞ്ഞതിനുശേഷം നിലമുഴുതു മറിക്കുന്ന രീതിയായിരുന്നു നിലവിലിരുന്നത്.

**വയനാട്ടിലെ ജൈവ കീടനിയന്ത്രണ മാർഗങ്ങൾ**

പാടത്തെ എലി ശല്യം ഒഴിവാക്കാൻ വയലിന്റെ പലഭാഗ ത്തായി തെങ്ങോല മടൽ കാലുകളായി നാട്ടിവെക്കാറുണ്ട്. കുത്തി വെച്ച കാലുകളിൽ മൂങ്ങ വന്നിരിക്കുകയും എലികളെ കൊത്തി ക്കൊണ്ട് പോകുകയും ചെയ്യും. ഈ രോഗപ്രതിരോധ മാർഗത്തെ കാലുനാട്ടൽ എന്ന് വിളിച്ചിരുന്നു.

**മുറം വീശൽ**

പാടത്ത് മുറം വീശി കീടങ്ങളെ പിടിക്കുന്ന ഒരു രീതി പഴ യ കർഷകർ ഉപയോഗപ്പെടുത്തിയിരുന്നു. ചാഴി ബാധ നിയന്ത്രി ക്കാൻ മാവിലക്കമ്പുകൾ വയലിൽ പലയിടത്തായി നാട്ടിയിരുന്നു. ചാഴികൾ മാവിലക്കമ്പുകളിൽ വന്ന് പിടിക്കും. അപ്പോൾ നെൽച്ചെ ടികൾക്ക് കീടബാധയേൽക്കാതെ സംരക്ഷിക്കാൻ കഴിയുന്നു. കാ ലം തെറ്റി ചെയ്യുന്ന കൃഷികളിലായിരുന്നു ചാഴി, മുഞ്ഞ മുതലായ കീടശല്യം ഉണ്ടായിരുന്നത്.

നെല്ല് കാലങ്ങളോളം കേടു കൂടാതെ സൂക്ഷിക്കാൻ മുള കൊണ്ട് നിർമ്മിച്ച വലിയ പത്രങ്ങളായിരുന്നു കൊമ്മകൾ. ഈ മു ളമ്പത്തായങ്ങൾ നല്ല ഈടും ഉറപ്പുമുള്ളവയായിരുന്നു.

**നെല്ലിന്റെ സാമ്പത്തിക ശാസ്ത്രം**

ഒരുപാട് കാലം വയനാടിന്റെ ക്രയ വിക്രയങ്ങൾ നിയന്ത്രി ച്ചിരുന്നത് നെൽകൃഷിയായിരുന്നു. 16-ാം നൂറ്റാണ്ട് മുതൽ തന്നെ വ യനാട്ടിലേക്ക് കച്ചവടത്തിനായി എത്തിയ സംഘങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ തലശ്ശേരി രേഖകളിലും മറ്റും കാണാവുന്നതാണ്. (ഗോപി മുണ്ടക്കയം: 2002) വെളിച്ചെണ്ണ, ഉണക്കമീൻ, വെല്ലം, തുണി, തേങ്ങ എന്നിവ വയനാട്ടിൽ വിറ്റഴിച്ച് പകരം നെല്ല് വാങ്ങിപ്പോകുന്ന കച്ച വട സംഘങ്ങൾ തലശ്ശേരി, വടകര, കൊടുവള്ളി മുതലായ ഇടങ്ങ ളിൽ നിന്നും വന്നിരുന്നു. പൊതി, സേർ, നാഴി മുതലായ അളവ് പാത്രങ്ങളും ഉള്ളി, വെളുത്തുള്ളി എന്നിവയും കച്ചവടം ചെയ്യാനാ യി എത്തിയ പുന്നാടൻമാരും (കർണ്ണാടകക്കാർ) ഒരു കാലത്ത് ഇ വിടെ സജീവമായിരുന്നു.

നെല്ല് ഉൾപ്പെടെയുള്ള ധാന്യങ്ങളുടെ അളവ് നിർണ്ണയിക്കുന്നതിന് പ്രത്യേക അളവ് പാത്രങ്ങളുണ്ടായിരുന്നു. പറ, ഇടങ്ങഴി, സേർ എന്നിവയായിരുന്നു അത്. പത്തുസേർ (ഇടങ്ങഴി) ചേർന്നതായിരുന്നു ഒരു പൊതി. 20 പൊതി അഥവാ 80 പറ ഒരു വണ്ടി എന്ന പേരിലറിയപ്പെട്ടു.

**രണ്ടാം ലോകമഹായുദ്ധവും ലെവി അളവും**

രണ്ടാം ലോക മഹായുദ്ധത്തെ തുടർന്ന് കടുത്ത ഭക്ഷ്യദൗർലഭ്യം നേരിട്ടപ്പോൾ കർഷകർ കൃഷി ചെയ്തുണ്ടാക്കിയ നെല്ല് ഗവൺമെന്റ് പൊതുവിതരണത്തിന് പിടിച്ചെടുക്കാൻ തുടങ്ങി. 1960 മുതൽ 1975 വരെ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി ലെവി സമ്പ്രദായം വയനാട്ടിൽ ഉണ്ടായിരുന്നു. ഇതു പ്രകാരം ഒരു ഹെക്ടറിൽ കൂടുതൽ സ്ഥലത്ത് നെൽകൃഷി ചെയ്യുന്ന കർഷകർ സർക്കാരിലേക്ക് നെല്ല് ലെവിയായി അളക്കണമായിരുന്നു. സർക്കാർ നിശ്ചയിച്ച തുച്ഛവില മാത്രമായിരുന്നു കർഷകർക്ക് പ്രതിഫലമായി ലഭിച്ചിരുന്നത്. ലെവി അളക്കുന്നതിന് ചുമതലപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരായിരുന്നു അംശം അധികാരികൾ. കർഷകർക്ക് നിത്യച്ചിലവിനും വിത്തിനുമുള്ളത് നീക്കി വെച്ചിട്ടേ ലെവി അളക്കാവു എന്ന് വ്യവസ്ഥയുണ്ടായിരുന്നു, എന്നിരുന്നാലും മിക്കപ്പോഴും ഉള്ള നെല്ലു മുഴുവൻ പിടിച്ചെടുക്കുകയായിരുന്നു പതിവ്. നിത്യച്ചിലവിനുള്ള നെല്ല് മുളം കീറുകൾ കൊണ്ട് നിർമ്മിച്ച വലിയ കൊമ്മകളിൽ നിറച്ച് മണ്ണിൽ കുഴിച്ചിടുകയായിരുന്നു ഇതിനുള്ള പ്രതിവിധിയായി കർഷകർ ചെയ്തിരുന്നത്. കൂട്ടുകുടുംബ വ്യവസ്ഥ അനുവർത്തിച്ചു പോന്ന കുറിച്യ സമുദായക്കാർക്ക് 200 ഉം 300 ഉം ഏക്കർ കൃഷി സ്ഥലങ്ങൾ ഉണ്ടായിരുന്നു. അത് കൂട്ടു കുടുംബത്തിലെ പൊതു സമ്പത്താണെന്ന് കണക്കാക്കാതെയുള്ള ലെവി അളവ് കൂട്ടു കുടുംബങ്ങളുടെ നിലനിൽപ്പിനെ സാരമായി ബാധിക്കുകയും കുറിച്യ കുടുംബങ്ങൾ അണു കുടുംബങ്ങളായി തീരുകയും ചെയ്തു.

വയനാട്ടിലെ നെൽകൃഷിയെക്കുറിച്ചും അവയിലെ പണിയാളരായ അടിയാൻമാരുടെ ആചാരങ്ങളും, അനുഷ്ഠാനങ്ങളും ഭൂബന്ധങ്ങളും ജൻമിമാരുടെ ചൂഷണവും പരാമർശിക്കുന്ന നോവലാണ് പി വത്സല എഴുതിയ നെല്ല്.

**നെല്ല് അടിസ്ഥാനമായുണ്ടായ സമരങ്ങൾ**

നെല്ല് പ്രമേയമായ നിരവധി സമരങ്ങൾക്ക് വയനാട് വേദിയായിട്ടുണ്ട്. ജന്മിഗൃഹങ്ങളിൽ വയൽപ്പണി ചെയ്തിരുന്നവർക്ക് കൂലി പണമായല്ല നൽകിയിരുന്നത്. നെല്ലാണ് കൂലിയായി നൽകിയി

രുന്നത്. ഇത് 'വല്ലി' എന്നറിയപ്പെട്ടിരുന്നു. കൂലി പണമായി നൽകുന്ന ഏർപ്പാട് 1980 കളോട് കൂടിയാണ് വയനാട്ടിൽ ആരംഭിച്ചത്. വെങ്ങപ്പള്ളി, പിണങ്ങോട്, വരയാൽ എന്നിവിടങ്ങളിൽ കൂലി നെല്ല് വർദ്ധനവിനായി കർഷകരുടെ നിരവധി സമരങ്ങൾ നടന്നിരുന്നു. കേരള സംസ്ഥാനം രൂപീകൃതമായപ്പോൾ തൊഴിലാളി വർഗ ചൂഷണം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1970 ൽ തൊഴിലാളികളുടെ കൂലിയും ജോലിസമയവും നിശ്ചയിച്ചു കൊണ്ട് നിയമം പാസ്സാക്കി. പുരുഷൻമാർക്ക് 8 കയും സ്ത്രീ തൊഴിലാളികൾക്ക് 6 കയും മിനിമം വേതനം നൽകിയിരിക്കണമെന്ന് നിയമം വ്യവസ്ഥ ചെയ്യുകയുണ്ടായി. എന്നാൽ ഭൂവുടമകൾ ഈ നിയമം അംഗീകരിച്ചില്ല. ഇത്തരം അവകാശങ്ങൾ സംരക്ഷിക്കാൻ പലവിധ പ്രക്ഷോഭങ്ങളും വേണ്ടി വന്നു. ഇത്തരത്തിലൊരു പ്രക്ഷോഭമാണ് ഭൂവുടമ ചാത്തുകുട്ടി ചെട്ട്യാരുടെ വീടിന് മുൻപിൽ നടന്ന സത്യാഗ്രഹ സമരം 101 ദിവസം നീണ്ടു നിന്നു. 15 ആദിവാസി കർഷകത്തൊഴിലാളികൾ ആയിരുന്നു ഈ സമരത്തിന് നേതൃത്വം നൽകിയത്. വല്ലിപ്പണി അവസാനിപ്പിക്കുക, കൂലി നെല്ലിനൊപ്പം പുരുഷൻമാർക്ക് ഒന്നര രൂപയും സ്ത്രീകൾക്ക് ഒരു രൂപയും പണമായി നൽകുക, 250 സേർ നെല്ല് കുണ്ടൽ (കൂലി) ആയി നൽകുക എന്നിവയായിരുന്നു സമരക്കാരുടെ ആവശ്യങ്ങൾ. വയനാട്ടിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കുണ്ടായ വേരോട്ടം തൊഴിലാളികളുടെ അവകാശ സമരങ്ങൾക്ക് ആക്കം കൂട്ടിയിരുന്നു. കള്ളനാഴിക്കെതിരെയുള്ള സമരം അത്തരത്തിലൊന്നായിരുന്നു. കർഷകത്തൊഴിലാളികളായ ആദിവാസികളെ അടിമകളെപ്പോലെ കരുതിയിരുന്ന തിരുനെല്ലി, തൃശിലേരി, പനവല്ലി പ്രദേശങ്ങളിലെ ഭൂവുടമകൾക്കെതിരെ കർഷകതൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ സഖാവ് എ വർഗീസ് നടത്തിയ സമരങ്ങൾ ഒട്ടനവധിയാണ്. തിരുനെല്ലിയിൽ വെങ്കിടാചല അയ്യർ, ശൂലപാണി വാര്യർ, വാസുദേവ അഡിഗ തുടങ്ങിയ ഇടത്തരം ജന്മിമാരുടെ കീഴിലായിരുന്നു ഭൂരിപക്ഷം അടിയാന്മാരും വല്ലിപ്പണി എടുത്തിരുന്നത്.

വല്ലി വർദ്ധിപ്പിക്കാനും, കൂലി കൂടുതൽ നൽകുവാനും നിർബന്ധിതരായ ജന്മിമാർ മുളനാഴികൊണ്ട് നെല്ല് അളന്ന് ആദിവാസികളെ വഞ്ചിക്കാൻ തുടങ്ങി. മുളനാഴിക്ക് പകരം ലിറ്റർ കൊണ്ട് നെല്ല് അളക്കണമെന്ന് ആവശ്യപ്പെട്ട് സഖാവ് എ വർഗീസിന്റെ നേതൃത്വത്തിൽ നിരവധി സമരങ്ങൾ നടന്നു. 1964 ലാണ് കള്ളനാഴിക്കെതിരായി സമരം നടന്നിരുന്നത്. കെ കെ അണ്ണൻ, സഖാവ് വർഗീസ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു പ്രക്ഷോഭം. തിരുനെല്ലി, തൃ

ശിലേരി, കാട്ടിക്കുളം എന്നിവിടങ്ങളിലെല്ലാം ആദിവാസി തൊഴിലാളികൾ പ്രക്ഷോഭ രംഗത്തേക്ക് ഒഴുകിയെത്തി. 1974 ൽ വയനാടിന്റെ നെല്ലറയായ ചേകാടിയിൽ സമാനമായ സമരങ്ങൾ അരങ്ങേറി.

1960 കളിൽ ആദിവാസി വേതന പ്രശ്ന പരിഹാരത്തിനായി ആദിവാസി സംഘം രൂപീകരിക്കപ്പെട്ടു. എ.കെ.ജിയുടേയും, കെ എ കേരളീയന്റേയും നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട കർഷകത്തൊഴിലാളി യൂണിയൻ പനമരം യൂണിറ്റ് ആദിവാസികൾക്ക് കൂലിയായി നൽകുന്ന നെല്ലിന്റെ അളവ് ഒരു 6 സേർ വീതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു.

അടിമവേല നിരോധന നിയമവും മിനിമം കൂലി നിയമവുമെല്ലാം നിലവിൽ വന്നതിനു ശേഷവും വയനാട്ടിൽ വല്ലിപ്പണി നിലനിന്നിരുന്നു. എൺപതുകളിൽപ്പോലും ചെട്ട്യാലത്തൂർ പോലുള്ള വയനാടൻ ഗ്രാമങ്ങളിൽ വല്ലിപ്പണിയുണ്ടായിരുന്നു. 1985 ൽ ചെട്ട്യാലത്തൂർ ഗ്രാമത്തിൽ വല്ലിപ്പണിക്കാരായ ആദിവാസികൾ പട്ടിണിയാലാണെന്ന് പത്രവാർത്ത പ്രത്യക്ഷപ്പെട്ടപ്പോൾ ഭൂവുടമകൾ ആദിവാസിത്തൊഴിലാളികളെ 45 രൂപ പ്രതിഫലം നൽകി രഹസ്യമായി ജോലിയിൽ നിന്ന് പിരിച്ചു വിട്ടു. നൂൽപ്പുഴ, ചെട്ട്യാലത്തൂർ, കാപ്പാട്, കുണ്ടൂര് എന്നീ പണിയ ഗ്രാമങ്ങളിലെ എൺപതോളം വല്ലിപ്പണിക്കാരാണ് ഇങ്ങന തൊഴിൽരഹിതരായത്.

വയനാട്ടിലെ ആദിവാസി തൊഴിലാളികൾ ജന്മിമാരിൽ നിന്നും നേരിടേണ്ടി വന്ന കടുത്ത സാമ്പത്തിക ചൂഷണവും അസമത്വവുമാണ് നക്സലൈറ്റ് പ്രസ്ഥാനം വയനാട്ടിൽ വളർച്ച പ്രാപിക്കാനുണ്ടായ കാരണം. സഖാവ് എ വർഗീസിനൊപ്പം തിരുനെല്ലി കലാപത്തിൽ പങ്കെടുത്ത ആദിവാസിത്തൊഴിലാളികളായിരുന്നു കൈതവള്ളി ചോമൻ, കൊറിയൻ, കാപ്പുംകൊല്ലി കാളൻ, മരചാത്തൻ എന്നിവർ.

നാണ്യ വിളകളുടെ വ്യാപനം, വയൽ ഭൂമി നിർമ്മാണ പ്രവർത്തികൾക്ക് ഉപയോഗിക്കൽ, ലാഭകരമല്ലാത്ത കൃഷി, പൊതുവിതരണ മേഖലയിൽ ഭക്ഷ്യ ധാന്യങ്ങളുടെ സുലഭത, വന്യജീവി ശല്യം മുതലായവയാണ്. നെൽകൃഷി ഇല്ലാതാവാൻ കാരണങ്ങൾ പല പാടശേഖരങ്ങളും അടക്ക, ചേന, വാഴ മുതലായ കൃഷിയിടങ്ങളായി മാറി. ഭക്ഷ്യവിളകളിൽ നിന്ന് നാണ്യ വിളകളിലേക്ക് കേരളത്തിലെ കൃഷി പരിവർത്തനം ചെയ്യപ്പെട്ടതിന്റെ മുഖ്യകാരണം കുടിയേറ്റമായിരുന്നു. 1938 കളിൽ ആരംഭിച്ച കുടിയേറ്റം നാണ്യവിളകൾക്ക് പ്രാധാന്യം നൽകിയപ്പോൾ ഭക്ഷ്യവിള ഉൽപ്പാദനത്തെ വേ

ണ്ടവിധം പ്രോത്സാഹിപ്പിച്ചില്ല.

ഇപ്പോൾ വയനാട്ടിൽ അവശേഷിക്കുന്ന നെൽവയലുകളുടെ സംരക്ഷകർ മുഖ്യമായും വിവിധ ആദിവാസി കർഷകരും ചെട്ടി സമുദായത്തിലുള്ളവരുമാണ്. സുഗന്ധ നെല്ലിനങ്ങളായ ജീരകശാല, ഗന്ധകശാല എന്നിവ പ്രധാനമായും കൃഷി ചെയ്യുന്നത് ചേകാടി, പനവല്ലി, മുള്ളൻകൊല്ലി എന്നിവിടങ്ങളിലാണ്. വയനാടിന്റെ നെല്ലറയെന്ന് അറിയപ്പെടുന്ന പുൽപ്പള്ളി പഞ്ചായത്തിലെ ചേകാടിയിൽ നെല്ല് കൃഷിയുടെ കാവലാൾ എടനാടൻ ചെട്ടിമാരാണ്.

വയലുകൾ മനുഷ്യനിർമ്മിതമായ അർദ്ധ സ്വഭാവിക തണ്ണീർത്തടങ്ങളാണ്. അത് പരിസ്ഥിതി സന്തുലിതാവസ്ഥയും ജൈവവൈവിധ്യം കാത്തു സൂക്ഷിക്കുന്നതിനും അതുല്യമായ പങ്കു വഹിക്കുന്നു. ഭൂഗർഭജലം സംരക്ഷിക്കുക, വെള്ളപ്പൊക്കം നിയന്ത്രിക്കുക എന്നിവ ഭക്ഷ്യോൽപ്പാദനത്തിന് പുറമേയുള്ള കേവല വയൽ ധർമ്മങ്ങളാണ്. ചക്കമുള്ളൻ, വാള, കല്ലേതട്ടി, ഞണ്ട്, പച്ചത്തവള എന്നീ വിവധതരം അപൂർവ്വ മത്സ്യങ്ങളുടെയും അടക്കാമണിയൻ, കൃഷ്ണപൂജ, വയൽചുള്ളി, കൊടങ്ങൽ, കയ്യൂന്നി മുതലായ അപൂർവ്വമായ ഔഷധ സസ്യങ്ങളുടേയും കലവറയായിരുന്നു വയനാട്ടിലെ വയലുകൾ. വയലുകൾ നികത്തപ്പെട്ടതും, നെൽകൃഷി കുറഞ്ഞതും വലിയ പാരിസ്ഥിതിക, സാമൂഹിക മാറ്റങ്ങൾക്ക് കാരണമായി. വയലുകൾ തിരിച്ചു പിടിക്കേണ്ടത് പരിസ്ഥിതിയുടേയും ജൈവ വൈവിധ്യത്തിന്റേയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

**ഗ്രന്ഥസൂചിക**

സി വി ജോയ്, (2013), *വയനാട്ടിലെ കർഷക കുടിയേറ്റവും പരിസ്ഥിതിയും*, സുൽത്താൻ ബത്തേരി: മോഡേൺ ബുക്ക്സ്.

ഒ കെ ജോണി, (2010). *വയനാട് രേഖകൾ,* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

റാവുബഹദൂർ ഗോപാലൻ നായർ, (2006) വിവ. കെ കെ എൻ കുറുപ്പ്, *വയനാട് ജനങ്ങളും പാരമ്പര്യവും,* കോഴിക്കോട്.

ഗോപി മുണ്ടക്കയം, (2002). *അറിയപ്പെടാത്ത വയനാട്,* കൽപ്പറ്റ: സഹ്യ പബ്ലിക്കേഷൻസ്.

മാതൃഭൂമി ദിനപത്രം, (2022), നവംബർ 23 ബുധനാഴ്ച.

എം ആർ പങ്കജാക്ഷൻ, (1989). *വയനാട്ടിലെ ആദിവാസികളുടെ പാട്ടുകൾ,* തൃശൂർ: സാഹിത്യ അക്കാദമി.

സർവശിക്ഷാ അഭിയാൻ, (2006). *ഗോത്രങ്ങളിലൂടെ,* വയനാട്.

Logan William (1887), *Malabar Manual, Volume I,* Madras.

Ed.MacLean CD, (1893), *The manual of the administration of the Madras presidency Volume III,* Madras: Government press

Gadgil Madhav, Guha Ramachandran, (1996). *This fissured land; AN ecological history of India*. Newdelhi: Oxford university press.

**അഭിമുഖം**

പത്മശ്രീ ചെറുവയൽ രാമൻ, 11/02/2023, കമ്മന അദ്ദേഹത്തിന്റെ വസതിയിൽ വെച്ച്

സുമ വിഷ്ണുദാസ്, പരിസ്ഥിതി പ്രവർത്തക, ഡയറക്ടർ ഹ്യൂം സെന്റർ, കൽപ്പറ്റ, 14/07/2023, ഓഫീസിൽ വെച്ച്

ലതീഷ്, പാരമ്പര്യ കർഷകൻ, നെൽവിത്ത് സംരക്ഷകൻ, 23/08/2025, പനവല്ലിയിൽ അദ്ദേഹത്തിന്റെ വസതിയിൽ വെച്ച്.

**Dr .Suja KS**
Associate professor
Department of History
NMSM Govt College
Kalpetta
Puzhamudi PO
Pin: 673122
India
Email: kssuja882@gmail.com
Ph: +91 8606177061
ORCiD: 0009-0003_0572-207X